# സൈലൻറ്വാലി പദ്ധതി എന്തിന്?

സൈലൻറ്വാലി പദ്ധതിയുമായി മുന്നോട്ടുപോകാൻതന്നെ കേരള ഗവൺമെണ്ട് തീരുമാനിച്ചിരിക്കുകയാണല്ലൊ! എല്ലാ എതിർപ്പുകളേയും അവഗണിച്ചുകൊണ്ട് അവർ ഇത്തരമൊരു തീരുമാനമെടുക്കാനുണ്ടായ സാഹചര്യമെന്താണ്? ന്യൂദൽഹിയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന 'ഇന്ത്യാ ടുഡെ'യിൽ (ജൂലായ് 16–31) വന്ന ഒരു വാർത്തയിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:

'സൈലൻറ്വാലി ജല–വൈദ്യുത പദ്ധതി നടപ്പിലാക്കാൻ കേരള ഗവൺമെണ്ട് ഉന്നയിച്ചിട്ടുള്ള വാദങ്ങൾ എന്തുതന്നെയായാലും അത് തികച്ചും രാഷ്ട്രീയമാണ്. സംസ്ഥാനത്തിൻെറ വിദ്യുച്ഛക്തി ആവശ്യങ്ങളേക്കാളേറെ പ്രധാനമന്ത്രി മൊറാർജിദേശായിയും ഏറെക്കുറെ രാഷ്ട്രീയതാത്പര്യം വെച്ചുകൊണ്ടാണ് പ്രവർത്തിച്ചത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മദ്യനിരോധനം, ഗോവധനിരോധം എന്നീ കാര്യങ്ങളിൽ സംസ്ഥാന ഗവൺമെണ്ടിൻെറ ലഭിക്കാൻ വിഷമമായ പിന്തുണ ഒരു ഭാഗത്തും നാല്പത്തു ലക്ഷം വർഷത്തെ പഴക്കമുള്ള വന സംരക്ഷണം മറുഭാഗത്തും നില്ക്കുന്നതിൽ നിന്ന് ഏതെങ്കിലുമൊന്ന് തിരഞ്ഞെടുക്കുകയായിരുന്നു കാര്യം. പരിസര സംരക്ഷണകാര്യത്തിൽ സംസ്ഥാന ഗവൺമെണ്ട് നല്കിയ ഉറപ്പുകൾ പര്യാപ്തമാണ് എന്ന അദ്ദേഹത്തിൻെറ ക്ഷമാപണം ആരും വിശ്വസിക്കാൻ പോകുന്നില്ല. 'ഇന്ത്യൻ ബോർഡ് ഓഫ് വൈൽഡ് ലൈഫി'ൻെറ ചെയർമാൻകൂടിയായ ആഭ്യന്തരമന്ത്രി എച്ച്. എം. പട്ടേലിനുപോലും മൊറാർജിയുടെ മനസ്സു മാററാൻ കഴിഞ്ഞില്ല.

''സംസ്ഥാനഗവൺമെണ്ടിനു കേരള ഇലക്ട്രിസിററി ബോർഡ് നല്കിയ സാങ്കേതികോപദേശം'' പദ്ധതിയിൽ അവർക്കുള്ള നിക്ഷിപ്തതാത്പര്യത്തിനു തികച്ചും അനുസൃതമാണ്. പദ്ധതിയിൽ 'മററു പരിഗണനകൾ'ഉണ്ടെന്നും താൻ 'രാഷ്ട്രീയ സമ്മർദ്ദത്തിനു' വിധേയനാണെന്നും മുഖ്യമന്ത്രി പി. കെ. വാസുദേവൻ നായർ പറഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. വാസ്തവത്തിൽ വൻതോതിൽ വനം വെട്ടിമാററൽ, നിർമ്മാണ പ്രവർത്തനങ്ങൾ, വില്പനക്കു കിട്ടുന്ന മരം തുടങ്ങിയവയിൽനിന്നുള്ള വമ്പിച്ച ആദായം മുൻകൂട്ടി കണ്ട സ്വകാര്യ കോൺട്രാക്ടർമാരിൽനിന്നുള്ള സാമ്പത്തിക സമ്മർദ്ദങ്ങളാണ് മുഖ്യമന്ത്രിയിൽ കൂടുതലുമുള്ളത് എന്നു തോന്നുന്നു. ബോംബേയിലെ വാൾചന്ദ്–ഹീരാചന്ദ് ഗ്രൂപ്പിൻെറ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി പദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാന ഗവൺമെണ്ടിൽ ശക്തിയായ ഒരു സമ്മർദ്ദഗ്രൂപ്പ് (ലോബി) തന്നെ സൃഷ്ടിച്ചിട്ടുള്ളതായി ആരോപിക്കപ്പെടുന്നുണ്ട്.

''പദ്ധതി ഏറെറടുക്കാനും തങ്ങൾക്ക് കോൺട്രാക്ട് കിട്ടാനുമായി മുഖ്യമന്ത്രിയുടേയും വിദ്യുച്ഛക്തി മന്ത്രിയുടേയും കക്ഷിക്ക് (സി. പി. ഐ.) എച്ച്. സി. സി. വലിയ തുക വാഗ്ദത്തം ചെയ്തതായി കേരളത്തിലെ ഒരു സി. ബി. ഐ. ഓഫീസർ ആരോപിക്കുന്നു.' ഈ കാര്യങ്ങളെക്കുറിച്ച് സംസ്ഥാന ഗവൺമെണ്ടിന് എന്തു പറയാനുണ്ട്.

—കെ. കൃഷ്ണൻ, കല്ലായ്

സൈലൻറ്വാലി പദ്ധതി പ്രദേശത്തെ പരിസരസ്ഥിതി സംരക്ഷിക്കുവാൻ കാവൽക്കാരെ നിയമിച്ചാൽ മതിയെന്ന് പ്രധാനമന്ത്രി കേരള ഗവൺമെണ്ടിനോട് നിർദ്ദേശിച്ചുവെന്ന വാർത്ത അദ്ഭുതകരമായിരിക്കുന്നു. പദ്ധതിയുമായി മുന്നോട്ടു പോകുവാൻ കേന്ദ്രത്തിൻെറ അനുമതി നല്കിക്കഴിഞ്ഞതിനുശേഷം കൊടുത്ത എന്തൊരു വിസ്മയകരമായ ഉപദേശം!

ചില വർഷങ്ങൾക്കുമുമ്പ് തമിഴ്നാട്ടിൽ നടപ്പാക്കാൻ ആലോചിച്ചിരുന്ന ഒരു പദ്ധതിയാണ് മോയാർ. എന്നാലത് 1938–ൽ സ്ഥാപിതമായ പ്രശസ്തമായ മുതുമലൈ വന്യജീവി സംരക്ഷണകേന്ദ്രത്തെ അപകടത്തിലാക്കുമായിരുന്നു. പ്രകൃതിശാസ്ത്ര പഠിതാവായ എൻ. കൃഷ്ണൻെറ ശ്രമഫലമായി പ്രസ്തുത പദ്ധതി ഉപേക്ഷിക്കപ്പെട്ടു. ഇതേ സമയത്ത് ഇടുക്കി അണക്കെട്ടിൻെറ പണി അവസാനഘട്ടത്തിലേയ്ക്ക് പ്രവേശിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇടുക്കിയിലെ ജീവജാലങ്ങൾക്കും, സസ്യവർഗ്ഗങ്ങൾക്കും നേരിട്ട അതേ ഗതി തന്നെ മുതുമലൈയിലും കൈവരുമായിരുന്നു.

പശ്ചിമഘട്ടം പരിസരസമതുലനാവസ്ഥ സംരക്ഷിച്ചുവരാൻ തുടങ്ങിയിട്ട് കാലം ഏറെയായി. മനുഷ്യൻെറ നശീകരണവ്യഗ്രതയ്ക്ക് അതിത്രയുംനാൾ ഇരയായിരുന്നില്ല എന്നതാണിതിനു കാരണം. കേരളത്തിലെ രാഷ്ട്രീയ നേതാക്കന്മാരുടെ ആദ്യത്തെ ഇരയാണ് സൈലൻറ്വാലി. നിലനില്പിനുവേണ്ടി പിടഞ്ഞുകൊണ്ടിരിക്കുന്ന സൈലൻറ്വാലിയെ അവരുടെ പിടിയിൽനിന്ന് മോചിപ്പിക്കുകയും ആഫ്രിക്കയിലും ബ്രസീലിലും മലയേഷ്യയിലും സംഭവിച്ച കാര്യങ്ങൾ ഇന്ത്യയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടത് പരിസര സംരക്ഷണപ്രേമികളുടെ കടമയാണ്.

ഞാനിവിടെ ബൻസ്വാരയുടെ കാര്യം ഉദാഹരിക്കട്ടെ: ''പ്രകൃതി ബൻസ്വാരയെ സുന്ദരമായി സൽക്കരിച്ചിരിക്കുന്നു. രാജസ്ഥാനിലെ ദക്ഷിണദിക്കിലെ ഈ ജില്ല മലനിരകളും, കൊടുംകാടുകളും നിറഞ്ഞതാണ്. നിരവധി നദികളും അരുവികളും ഇതിനെ സമ്പന്നമാക്കുന്നു. പക്ഷേ, മനുഷ്യൻെറ ദുരാഗ്രഹം വനങ്ങളെ നശിപ്പിച്ചു. ജലവിഭവം സമാഹരിക്കാനും ജലസേചനത്തിനുവേണ്ടി അവയെ വൻതോതിൽ ഉപയോഗപ്പെടുത്താനും കാര്യമായ യാതൊരു ശ്രമവും നടന്നതുമില്ല.'' (ടൈംസ് ഓഫ് ഇന്ത്യ, 27-1-'73). 1972-ൽ ബൻസ്വാരയിലെ 50,000 ജനങ്ങളെ പട്ടിണി ബാധിച്ചു. മനുഷ്യൻെറ നിർദ്ദാക്ഷിണ്യമായ പ്രവൃത്തികളാൽ വനങ്ങൾ അപ്രത്യക്ഷമാകുകയും ആ സ്ഥാനത്തു മരുഭൂമി നിലവിൽ വരികയും ചെയ്യുമെന്നും അതിൻെറ ഫലമായി മനുഷ്യൻ പട്ടിണിയാവുമെന്നും മാത്രമാണ് ഇതിൻെറ സാരം. സഹാറ–ഗോബി മരുഭൂമികൾ മനുഷ്യനിർമ്മിതമാണ്. നമ്മുടെ രാജ്യത്തിലെ പ്രതിലോമകാരികളായ രാഷ്ട്രീയക്കാർക്ക് ഈ യാഥാർത്ഥ്യം കാണാൻ കഴിയട്ടെ. ബോംബേയിലെ അറിയപ്പെടുന്ന പരിസരവിജ്ഞാനിയായ ശങ്കർ രംഗനാഥൻ വർഷങ്ങളായി ഈ പ്രശ്നത്തെക്കുറിച്ച് പഠിച്ചുവരികയാണ്. 'ഇന്ത്യ മറെറാരു സഹാറയാകുമോ?', 'നമ്മുടെ നിലനില്പിന് വനങ്ങൾ അത്യാവശ്യം' തുടങ്ങിയ അദ്ദേഹത്തിൻെറ പ്രസിദ്ധീകരണങ്ങൾ കൈകാര്യം ചെയ്യുന്നതും ഈ പ്രശ്നംതന്നെ.

കേരളത്തിലേയും കേന്ദ്രത്തിലേയും അധികാരികൾ ഇവയിൽനിന്ന് ഒരു പാഠം പഠിക്കാൻ സന്നദ്ധമാവുകയും പശ്ചിമഘട്ടത്തിലെ വനസമ്പത്തിനെ നശിപ്പിക്കാനുള്ള ഇപ്പോഴത്തെ നീക്കത്തിൽനിന്ന് പിന്തിരിയുകയും ചെയ്യുമോ?

—ഡി. വൈദ്യനാഥൻ
റിട്ട. പ്രൊഫസർ (സുവോളജി)
തിരുവനന്തപുരം.